14
2025
ജൂൺ
ശനി
ഇടവം 31

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.163 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-163 പേജ് 4. വില 2.00 രൂപ

02 സൈബർ സുരക്ഷാ നയം രൂപീകരിക്കണമെന്ന് വിദഗ്ധർ
03 കാലവർഷം ശക്തം: അഞ്ചു ദിവസത്തേക്ക് റെഡ് അലർട്ടുകൾ
04 പിതൃതർപ്പണം; ഓർമ്മകളിൽ നിറഞ്ഞു നിൽക്കുന്ന എന്റെ പപ്പ

# ഇറാന്റെ ആണവ പ്ലാന്റുകളിൽ ഇസ്രയേൽ വ്യോമാക്രമണം

## ഇറാൻ സംയുക്ത സൈനിക മേധാവി മുഹമ്മദ് ബാഗേരിയും ഐആർജിസി തലവനും കൊല്ലപ്പെട്ടു

ടെഹ്റാനിൽ ഇസ്രയേൽ നടത്തിയ വ്യോമാക്രമണത്തിൽ ഇറാന്റെ സംയുക്ത സൈനിക മേധാവി മുഹമ്മദ് ബാഗേരിയും ഇറാൻ റെവല്യൂഷണറി ഗാർഡ് കോർ (ഐആർജിസി) മേധാവി ഹൊസൈൻ സലാമിയും കൊല്ലപ്പെട്ടെന്ന് റിപ്പോർട്ട്. ഇറാനെതിരെ ഇസ്രയേൽ പ്രധാനമന്ത്രി പ്രഖ്യാപിച്ച ഓപ്പറേഷൻ റൈസിങ് ലയണിൽ കൊല്ലപ്പെട്ടവരിൽ ബാഗേരിയും സലാമിയും ഉൾപ്പെടുന്നതായി രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇറാൻ തലസ്ഥാനമായ ടെഹ്റാനിൽ മാത്രം 6 സ്ഫോടനങ്ങൾ നടന്നെന്നും ഇറാന്റെ ആണവ പ്ലാന്റുകൾ ലക്ഷ്യമിട്ടാണ് ആക്രമണം നടത്തിയതെന്നും ഇസ്രയേൽ ഡിഫൻസ് ഫോഴ്സ് അറിയിച്ചു. ഇറാന്റെ ഭീഷണിയെ നേരിടുന്നതിനായി 'ഓപ്പറേഷൻ റൈസിങ് ലയൺ' തുടരുമെന്നും ഇസ്രയേൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.



"കാലങ്ങളായി ഇസ്രയേലിനെ തകർക്കണമെന്ന് ഉദ്ദേശ്യവുമായി ഇറാനിയൻ ഭരണകൂടം മുന്നോട്ട് പോകുകയായിരുന്നു. ഇറാൻ ആണവായുധങ്ങൾ കൂടുതലായി നിർമിക്കുന്നുവെന്ന് ഞങ്ങളുടെ ഇന്റലിജൻസ് വിഭാഗം കഴിഞ്ഞ മാസം കണ്ടെത്തിയിരുന്നു. ഇതിന്റെ ഭാഗമായി നിരവധി ആണവപ്ലാന്റുകളും അവർ നിർമിച്ചു. ഇന്ന് പുലർച്ചെയോടെ ഐഡിഎഫ് പ്രിസിസീവ് ആക്രണമം ഇറാനെതിരെ നടത്തി. ആണവായുധ നിർമാണത്തിൽ നിന്ന് ഇറാനെ തടയുകയാണ് ഞങ്ങളുടെ ലക്ഷ്യം. ഒഴിച്ചുകൂടാനാകാത്ത ഒരു ഭീഷണിക്കെതിരെയാണ് ഞങ്ങൾ ആക്രമണം നടത്തിയിരിക്കുന്നത്. ഇതല്ലാതെ മറ്റൊരു മാർഗവും ഞങ്ങളുടെ മുന്നിലില്ല. ലോകത്തിനും പ്രത്യേകിച്ച് ഇസ്രയേലിനും ഭീഷണിയായേക്കാവുന്ന ആണവായുധ നിർമാണത്തിൽ ഇറാനെ പിന്തിരിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഈ ഓപ്പറേഷൻ പ്രതിരോധത്തിനായാണ്. ഞങ്ങളുടെ കുട്ടികളുടെ ഭാവിക്കു വേണ്ടിയാണ്. ഐഡിഎഫ് വലിയ തയാറെടുപ്പാണ് ആക്രമണത്തിനു വേണ്ടി നടത്തിയത്. പ്രതിരോധത്തിനു വേണ്ടിയുള്ള നടപടികളും ഐഡിഎഫിന്റെ ഭാഗത്തുനിന്ന് എടുത്തിട്ടുണ്ട്." ഐഡിഎഫ് വക്താവ് സമൂഹമാധ്യമമായ എക്സിലൂടെ അറിയിച്ചു.

മേഖലയിൽ ഒരു 'വലിയ സംഘർഷം' ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് വ്യാഴാഴ്ച മുന്നറിയിപ്പ് നൽകിയിരുന്നു. ഇതിനുപിന്നാലെയാണ് ഇറാൻ തലസ്ഥാനമായ ടെഹ്റാനിൽ ഇസ്രയേൽ ആക്രമണം നടത്തിയത്. വെള്ളിയാഴ്ച രാവിലെ ഇറാനിൽ സ്ഫോടനങ്ങൾ കേട്ടതായി ഇറാൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതേസമയം ആക്രമണത്തിനു പിന്നാലെ ഇസ്രയേലിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ഓപ്പറേഷൻ റൈസിങ് ലയണിനു പകരമായി ഇറാന്റെ പ്രത്യാക്രമണം ഉണ്ടായേക്കുമെന്നും സൂചനയുണ്ട്. അതേസമയം തങ്ങളുടെ ആക്രമണം ഇറാനിലെ ജനതയ്ക്കു നേരെയല്ലെന്നും ഇറാനിലെ ഏകാധിപത്യ സർക്കാരിനെതിരെയാണെന്നും നെതന്യാഹു പറഞ്ഞു. ഓപ്പറേഷൻ തുടരുമെന്നും വരുംദിവസങ്ങളിൽ ആക്രമണം വ്യാപകമാക്കുമെന്നും നെതന്യാഹു അറിയിച്ചിട്ടുണ്ട്.

ടെഹ്റാൻ ആക്രമണത്തിനു പിന്നാലെ ഇറാഖ് തങ്ങളുടെ വ്യോമപാത അടച്ചു. ഇറാന്റെ പ്രധാന ആണവ കേന്ദ്രമായ നടാൻസ് ആണവപ്ലാന്റും ഇസ്രയേൽ ആക്രമിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട്.

### അടുത്ത ആക്രമണം ഇതിലും ക്രൂരമായിരിക്കും

വാഷിങ്ടൻ : ആണവ പദ്ധതി സംബന്ധിച്ച് എത്രയും വേഗം ഒരു ഉടമ്പടിയിൽ ഏർപ്പെടാൻ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇറാനോട് ആവശ്യപ്പെട്ടു. താൻ ഒന്നിനു പുറകെ ഒന്നായി ഇറാന് അവസരങ്ങൾ നൽകിയെന്നും ട്രംപ് പറഞ്ഞു. ഇറാനോട് ശക്തമായ വാക്കുകളിൽ പറഞ്ഞിട്ടും ആണവകരാർ യാഥാർഥ്യമായില്ല. ഇസ്രയേൽ ആക്രമണത്തിൽ ഇറാന് ശക്തമായ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. അടുത്ത ആക്രമണം ഇതിലും ക്രൂരമായിരിക്കും. ഒന്നും അവശേഷിക്കാതെ ആകുന്നതിനു മുൻപ് ഇറാൻ ഉടമ്പടിക്ക് തയാറാകണമെന്നും ട്രംപ് സമൂഹമാധ്യമത്തിൽ കുറിച്ചു. യുഎസും ഇറാനും തമ്മിൽ ആണവ കരാറിനായുള്ള ചർച്ചകൾ ആറാം ഘട്ടത്തിലേക്ക് കടക്കാനിരിക്കെയാണ് ഇസ്രയേൽ ആക്രമണം നടത്തിയത്. ഇസ്രയേൽ ഇറാനെ ആക്രമിക്കുമെന്ന് നേരത്തേ അറിയാമായിരുന്നെങ്കിലും ആക്രമണത്തിൽ യുഎസിന് പങ്കില്ലെന്ന് ഡോണൾഡ് ട്രംപ് നേരത്തേ വ്യക്തമാക്കിയിരുന്നു.



വിശ്വാസ് കുമാറിനെ ആശുപത്രിയിൽ എത്തി സന്ദർശിക്കുന്ന പ്രധാനമന്ത്രി

# അവിശ്വസനീയം വിശ്വാസ് !

അഹമ്മദാബാദ് : "ഞാൻ എങ്ങനെ രക്ഷപ്പെട്ടുവെന്ന് എനിക്കറിയില്ല. കുറച്ചു നേരത്തേക്ക്, ഞാൻ മരിക്കാൻ പോകുകയാണെന്ന് കരുതി. പക്ഷേ ഞാൻ കണ്ണു തുറന്നപ്പോഴാണ് ജീവിച്ചിരിപ്പുണ്ടെന്ന് മനസിലായത്. ഞാൻ സീറ്റ് ബെൽറ്റ് തുറന്ന് അവിടെ നിന്ന് ഇറങ്ങി. കൺമുന്നിൽ വച്ചാണ് രണ്ട് എയർഹോസ്റ്റസുമാർ ..." വിമാനപകടത്തിന്റെ ജീവനോട രക്ഷപ്പെട്ട ഏക വ്യക്തിയായ വിശ്വാസ് കുമാർ രമേഷിന്റെ വാക്കുകളാണിത്. അവിശ്വസനീയം എന്ന് മാത്രമെ വിശ്വാസിന്റെ രക്ഷപ്പെടലിനെ വിവരിക്കാൻ സാധിക്കുകയുള്ളൂ.

അഹമ്മദാബാദ് വിമാനദുരന്തത്തിൽനിന്ന് രക്ഷപ്പെട്ട 40 കാരനായ ബ്രിട്ടീഷ്– ഇന്ത്യൻ വംശജനായ വിശ്വാസ് കുമാർ രമേഷ് താൻ എങ്ങനെയാണ് രക്ഷപ്പെട്ടതെന്ന് ഇപ്പോഴും വ്യക്തമായി ഓർക്കുന്നില്ലെന്നാണ് പറയുന്നത്. "എനിക്ക് അതിൽ നിന്ന് എങ്ങനെ ജീവനോടെ പുറത്തുവരാൻ കഴിഞ്ഞുവെന്ന് അറിയില്ല. കുറച്ചു നേരത്തേക്ക്, ഞാൻ മരിക്കാൻ പോകുന്നു എന്ന് കരുതി." അദ്ദേഹം ദൂരദർശന് നൽകിയ പ്രത്യേക അഭിമുഖത്തിൽ പറഞ്ഞു.

വിമാനത്തിൽ എമർജിൻസി വാതിലിനു സമീപത്തെ 11എ സീറ്റിൽ ആയിരുന്നു വിശ്വാസ് ഇരുന്നിരുന്നത്. വിമാനം ഇടിച്ചിറങ്ങിയതോടെ എമർജൻസി വാതിൽ പുറത്തേക്ക് തെറിച്ചിരിക്കാമെന്നാണ് നിഗമനം." ഹോസ്റ്റലിലെ ഗ്രൗണ്ട് ഫ്ലോറിനടുത്താണ് ഞാൻ ഇറങ്ങിയത്. അവിടെ കുറച്ച് സ്ഥലമുണ്ടായിരുന്നു. അങ്ങനെ ഞാൻ അവിടെനിന്ന് പുറത്തിറങ്ങി. കെട്ടിടത്തിന്റെ മതിൽ എതിർവശത്തായിരുന്നു, ആർക്കും ആ വഴി പുറത്തുവരാൻ കഴിഞ്ഞുവെന്ന് ഞാൻ കരുതുന്നില്ല. നിമിഷങ്ങൾക്കുള്ളിൽ തീ ആളിപ്പടർന്നു. എന്റെ കയ്യിൽ പൊള്ളലേറ്റു. എന്റെ കൺമുന്നിൽവച്ചാണ് രണ്ട് എയർഹോസ്റ്റസുമാർ മരിച്ചത്." വിശ്വാസ് പറഞ്ഞു. "ടേക്ക് ഓഫ് ചെയ്ത് ഒരു മിനിറ്റിനുശേഷം, വിമാനത്തിന് എന്തോ അപകടം പറ്റിയെന്ന് മനസിലായി. അപ്പോൾ തന്നെ പച്ചയും വെള്ളയും നിറത്തിലുള്ള ലൈറ്റുകൾ തെളിഞ്ഞു. പൈലറ്റുമാർ വിമാനം ഉയർത്താൻ ശ്രമിച്ചു, പക്ഷേ അത് പൂർണ്ണ വേഗതയിൽ പോയി കെട്ടിടത്തിൽ ഇടിച്ചു." വിശ്വാസ് പറഞ്ഞു. ഇന്ന് രാവിലെ ആശുപത്രിയിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി വിശ്വാസ് കുമാറിനെ നേരിട്ടെത്തി സന്ദർശിക്കുകയും അപകടത്തെ കുറിച്ച് ചോദിച്ചറിയുകയും ചെയ്തിരുന്നു.

## എയർഇന്ത്യ വിമാനത്തിന്റെ ബ്ലാക്ക് ബോക്സ് കണ്ടെത്തി

അഹമ്മദാബാദ്: വ്യാഴാഴ്ച അപകടത്തിൽപ്പെട്ട എയർഇന്ത്യ വിമാനത്തിന്റെ ബ്ലാക്ക് ബോക്സ് കണ്ടെത്തി. വിമാനം ഇടിച്ചിറങ്ങിയ മെഡിക്കൽ കോളേജ് ഹോസ്റ്റൽ കെട്ടിടത്തിന്റെ മേൽക്കൂരയിൽനിന്നാണ് ബ്ലാക്ക് ബോക്സ് കണ്ടെത്തിയത്. വിമാനാപകടത്തെ സംബന്ധിച്ചുള്ള അന്വേഷണത്തിൽ നിർണായകമാണ് ബ്ലാക്ക് ബോക്സിന്റെ കണ്ടെത്തൽ. എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവസ്റ്റിഗേഷൻ ബ്യൂറോയാണ് (എഎഐബി) വെള്ളിയാഴ്ച ബ്ലാക്ക് ബോക്സ് കണ്ടെത്തിയത്.

ബ്ലാക്ക് ബോക്സിൽനിന്ന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ഇനിയുള്ള അന്വേഷണം നടക്കുക. ഫ്ളൈറ്റ് ഡാറ്റ റെക്കോർഡറും കോക്ക്പിറ്റ് വോയിസ് റെക്കോർഡറും അടങ്ങിയതാണ് ബ്ലാക്ക്ബോക്സ്.

# നടുക്കടലിൽ അടിയന്തര സാഹചര്യം; കപ്പൽ ജീവനക്കാരനെ രക്ഷിച്ച് ഇന്ത്യൻ നാവികസേന

കൊച്ചി: അടിയന്തര ചികിത്സ ആവശ്യമായിവന്ന കപ്പൽ ജീവനക്കാരനെ നടുക്കടലിൽനിന്ന് അതിസാഹസികമായി ആശുപത്രിയിലെത്തിച്ച് ഇന്ത്യൻ നാവികസേന. സിം?ഗപ്പൂർ കപ്പലിൽനിന്നാണ് ജീവനക്കാരനെ നാവികസേന രക്ഷപ്പെടുത്തിയത്. ?കപ്പലിൽനിന്ന് പുറത്തെത്തിച്ച ജീവനക്കാരൻ കൊച്ചിയിലെ ആശുപത്രിയിൽ ചികിത്സയിലാണ്. 41 വയസുള്ള ഇന്ത്യക്കാരനാണ് ഇദ്ദേഹം.



വെള്ളിയാഴ്ച സിംഗപ്പൂർ എണ്ണക്കപ്പലായ ഈഗിൾ വെരാക്രൂസിൽ നിന്നാണ് മെഡിക്കൽ ആവശ്യവുമായി ബന്ധപ്പെട്ട് ജാ?ഗ്രതാ സന്ദേശം ലഭിച്ചത്. ഇൻഫർമേഷൻ ഫ്യൂഷൻ സെന്ററിലേക്കാണ് സന്ദേശമെത്തിയത്. തുടർന്ന് ഇന്ത്യൻ നാവികസേനയുടെ സീക്കിങ് ഹെലികോപ്റ്റർ ഉടൻതന്നെ കപ്പൽ ലക്ഷ്യമാക്കി നീങ്ങി. കൊച്ചിയിലെ ഐഎൻഎസ് ഗരുഡയിൽനിന്നുള്ള സീക്കിങ് ഹെലികോപ്റ്ററാണിത്. സഹായത്തിനായി ഐഎൻഎസ് ശാരദയും രക്ഷാപ്രവർത്തനത്തിന് സജ്ജമായി സ്ഥലത്തേക്ക് പോയി.

പ്രതികൂലമായ സാഹചര്യത്തിലും സാഹസികമായാണ് നാവികസേന ഇയാളെ പുറത്തെത്തിച്ചത്. അനുയോജ്യമായ ലാൻഡിങ് സ്ഥലമില്ലാത്തതും കാഴ്ചക്കുറവുമാണ് രക്ഷാപ്രവർത്തനത്തിന് വെല്ലുവിളി സൃഷ്ടിച്ചത്. എന്നാൽ, പ്രതിസന്ധികളെ അതീജീവിച്ച സേന, ഹെലികോപ്റ്ററിലേക്ക് റോപ്പ് വഴി കയറ്റി. തുടർന്ന് ഐഎൻഎസ് ഗരുഡയിൽ എത്തിച്ചു. ശേഷം ചികിത്സയ്ക്കായി കൊച്ചിയിലെ ഒരു ആശുപത്രിയിലേക്ക് എത്തിക്കുകയായിരുന്നു.



# അക്കാദമിക-വ്യവസായ സമൂഹവും നയരൂപകർത്താക്കളും ചേർന്ന് സൈബർ സുരക്ഷാ നയം രൂപീകരിക്കണമെന്ന് വിദഗ്ധർ

### എൻസിഎസ്ആർസി ടെക്നോപാർക്കിൽ സൈബർ സുരക്ഷാ സമ്മേളനം സംഘടിപ്പിച്ചു

തിരുവനന്തപുരം: പുതുതലമുറയിൽ സൈബർ സുരക്ഷയെ കുറിച്ച് അവബോധം വർധിപ്പിക്കണമെന്നും അക്കാദമിക-വ്യവസായ സമൂഹം, നയരൂപകർത്താക്കൾ എന്നിവർ ചേർന്ന് സൈബർ സുരക്ഷാ നയം രൂപീകരിക്കണമെന്നും വിദഗ്ധർ. നാഷണൽ സൈബർ സെക്യൂരിറ്റി റിസർച്ച് കൗൺസിൽ (എൻസിഎസ്ആർസി) ടെക്നോപാർക്കിൽ സംഘടിപ്പിച്ച നാഷണൽ സൈബർ സെക്യൂരിറ്റി കോൺഫറൻസ്' 25 ലാണ് ഈ നിർദേശം മുന്നോട്ടുവച്ചത്. സൈബർ സുരക്ഷയിൽ വെല്ലുവിളി നേരിടുന്ന കാലത്ത് ജനങ്ങളിൽ സൈബർ സുരക്ഷാ അവബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു.

സൈബർ സെക്യൂരിറ്റി, ഐടി മേഖലയിലെ വിദഗ്ധരെയും ഇന്നവേറ്റേഴ്സിനെയും ഒരുമിച്ച് കൊണ്ടുവരുന്നതിനായിട്ടാണ് എൻസിഎസ്ആർസി ഏകദിന സമ്മേളനം സംഘടിപ്പിച്ചത്. കേരളത്തിൽ എൻസിഎസ്ആർസി നടത്തുന്ന മൂന്ന് സംസ്ഥാനതല സമ്മേളനങ്ങളിൽ ആദ്യത്തെതാണ് ടെക്നോപാർക്കിൽ നടന്നത്.

സൈബർ സുരക്ഷയെ കുറിച്ചുള്ള അറിവ് ഭാവിതലമുറയ്ക്ക് അനിവാര്യമാണെന്നും പത്താം ക്ലാസ് കഴിയുന്നതോടെ എല്ലാ വിദ്യാർഥികൾക്കും സൈബർ സുരക്ഷാ മേഖലയിൽ പ്രാഥമിക പരിശീലനം നൽകണമെന്നും സമ്മേളനം ഉദ്ഘാടനം ചെയ്ത് ഐജി സ്പർജൻ കുമാർ പറഞ്ഞു.

എൻസിഎസ്ആർസി ഡയറക്ടറും ഐആർഐടിഎ വൈസ് പ്രസിഡൻറുമായ ഡോ. ഇ. ഖലീരാജ്, എൻസിഎസ്ആർസി സംസ്ഥാന കോർഡിനേറ്റർ ഡോ. പ്രിൻസ് ജോസഫ് എന്നിവരും ഉദ്ഘാടന സെഷനിൽ പങ്കെടുത്തു.

സൈബറിടം സുരക്ഷിതമാക്കുന്നതിനുള്ള അറിവ് വിദ്യാർഥികൾക്കും മുതിർന്നവർക്കുണ്ടായിരിക്കണമെന്ന് സ്പർജൻ കുമാർ പറഞ്ഞു. ഭാവിയിൽ എല്ലാവർക്കും സൈബർ സുരക്ഷയിൽ പരിശീലനം നൽകണം. അത് സമൂഹത്തിന് അത്യാവശ്യമാണ്. സാങ്കേതികവിദ്യയുടെ ദുരുപയോഗം വ്യാപകമാണ്. വലിയ ശ്രമങ്ങൾ നടത്തിയിട്ടും പണം തട്ടിയെടുക്കൽ, വ്യാജ ബോംബ് ഭീഷണികൾ തുടങ്ങിയ പ്രശ്നങ്ങൾ കണ്ടെത്തുന്നത് ബുദ്ധിമുട്ടാണ്. അക്കാദമിക-വ്യവസായ സമൂഹം, നയരൂപകർത്താക്കൾ എന്നിവർ ചേർന്ന് സൈബർ നയം രൂപീകരിക്കുന്നത് നാഷണൽ സൈബർ സെക്യൂരിറ്റി റിസർച്ച് കൗൺസിലിൻറെയും ലക്ഷ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഇന്ത്യയിലെ സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിന് വിദ്യാർഥി സമൂഹത്തിൽ നിന്നുള്ള പ്രതിഭകളെ തിരിച്ചറിയുകയെന്നതാണ് സമ്മേളനത്തിൻറെ ഭാഗമായി നടത്തുന്ന ഹാക്കത്തോൺ ലക്ഷ്യമിടുന്നതെന്ന് ഡോ. ഇ. ഖലീരാജ് പറഞ്ഞു. ഹാക്കത്തോൺ വിജയികൾക്ക് കേസ് സ്റ്റഡിയും പരിശീലനവും നൽകും. സൈബർ സുരക്ഷാ ഭീഷണി തടയുന്നതിന് എല്ലാ സംസ്ഥാന സർക്കാരുകളുമായും നിയമ നിർവ്വഹണ സംവിധാനങ്ങളുമായും എൻസിഎസ്ആർസി ചേർന്ന് പ്രവർത്തിക്കും. സൈബർ-ഫ്രീ കേരള എന്ന കാമ്പയിൻറെ ഭാഗമായി കേരളത്തിലെ സൈബർ സുരക്ഷാ പ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ എൻസിഎസ്ആർസി തയ്യാറാണെന്നും അദ്ദേഹം വ്യക്തമാക്കി.സംസ്ഥാനത്തെ വിവിധ കോളേജുകളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിദ്യാർഥികൾ പരിപാടിയിൽ പങ്കെടുത്തു. കോർപ്പറേറ്റ് സ്ഥാപനങ്ങൾ, അക്കാദമിക് സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, നിയമ നിർവ്വഹണ ഏജൻസികൾ എന്നിവയെ പിന്തുണയ്ക്കുന്നതിനായി കേരളത്തിൽ ഒരു സൈബർ ഹബ് സൃഷ്ടിക്കുകയാണ് സമ്മേളനത്തിലൂടെ എൻസിഎസ്ആർസി ലക്ഷ്യമിടുന്നത്. തിരുവനന്തപുരത്തെ സമ്മേളനത്തോടനുബന്ധിച്ചുള്ള ഹാക്കത്തോൺ ജൂൺ 14 ന് കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്ത് (സിഇടി) നടക്കും. രണ്ടാമത്തെ സമ്മേളനം ജൂൺ 20 ന് കോഴിക്കോട് യുഎൽ സൈബർ പാർക്കിലും ഹാക്കത്തോൺ ജൂൺ 21 ന് കാലിക്കറ്റ് സർവകലാശാലയിലും നടക്കും. മൂന്നാമത്തെ സമ്മേളനം ജൂലൈ 4 ന് കൊച്ചിയിലെ കുസാറ്റിൽ ഹാക്കത്തോണിൻറെ സെമിഫൈനലിനൊപ്പം നടക്കും. സംസ്ഥാന സമ്മേളനങ്ങളെ തുടർന്ന് രാജ്യത്തെ ടയർ വൺ, ടു, ത്രീ നഗരങ്ങളിലെ എല്ലാ ഗ്രാമപ്രദേശങ്ങളെയും ഉൾപ്പെടുത്തി എൻസിഎസ്ആർസി ദേശീയതല സമ്മേളനം സംഘടിപ്പിക്കും.ഹാക്കത്തോൺ മത്സരങ്ങളിലെ സംസ്ഥാനതല വിജയികൾക്ക് യഥാക്രമം ഒരു ലക്ഷം രൂപ, 50,000 രൂപ, 25,000 രൂപ എന്നിങ്ങനെ സമ്മാനത്തുക ലഭിക്കും. സംസ്ഥാനതല വിജയികളെല്ലാം ദേശീയതല ഹാക്കത്തോണിൽ മത്സരിക്കും.'ദേശീയ സുരക്ഷയിൽ എഐയുടെയും ഡാറ്റാ എത്തിക്സിൻറെയും ഉത്തരവാദിത്തം' എന്ന വിഷയത്തിൽ സംസ്ഥാന നിയമ സെക്രട്ടറി സനൽ കുമാർ സംസാരിച്ചു. സൈബർ സുരക്ഷയെന്നത് സാങ്കേതികവിദ്യയെ കുറിച്ച് മാത്രമല്ല, വിശ്വാസം, സുരക്ഷ, ഉത്തരവാദിത്തം എന്നിവ കൂടിയാണെന്ന് പറഞ്ഞു.

സൈബർ ഭീഷണികളെ നേരിടാനും സുരക്ഷ പ്രോത്സാഹിപ്പിക്കാനും പരിശീലിക്കാനും വിദ്യാർഥികളെ പ്രാപ്തരാക്കുന്നതിനായി രാജ്യത്തുടനീളം ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് എൻസിഎസ്ആർസി പ്രതിജ്ഞാബദ്ധമാണെന്ന് ഡോ. പ്രിൻസ് ജോസഫ് പറഞ്ഞു.നിരവധി അവസരങ്ങളുള്ള സൈബർ സുരക്ഷാ മേഖലയിൽ ബാഹ്യ ഏജൻസികളുമായുള്ള സഹകരണവും പ്രധാനമാണെന്ന് കേരള ഐടി മിഷൻ ഡയറക്ടർ സന്ദീപ് കുമാർ പറഞ്ഞു.സൈബർ സുരക്ഷ, സ്വകാര്യത, ഡാറ്റ സംരക്ഷണം എന്നിവ ഉറപ്പാക്കുകയാണ് 2009 ൽ സ്ഥാപിതമായ എൻസിഎസ്ആർസിയുടെ പ്രാഥമിക ലക്ഷ്യങ്ങൾ. സർക്കാർ, വ്യാവസായിക, സാമ്പത്തിക, സൈനിക, സിവിലിയൻ അടിസ്ഥാന സൗകര്യങ്ങൾ ലക്ഷ്യമിട്ടുള്ള സൈബർ ആക്രമണങ്ങളെ ഇത് വിശകലനം ചെയ്യുകയും തടയുകയും ചെയ്യുന്നു.



നാഷണൽ സൈബർ സെക്യൂരിറ്റി റിസർച്ച് കൗൺസിൽ (എൻസിഎസ്ആർസി) ടെക്നോപാർക്കിൽ സംഘടിപ്പിച്ച ദേശീയ സൈബർ സുരക്ഷാ സമ്മേളനത്തിൽ ഐജി സ്പർജൻ കുമാർ സംസാരിക്കുന്നു. എൻസിഎസ്ആർസി ഡയറക്ടറും ഐആർഐടിഎ വൈസ് പ്രസിഡൻറുമായ ഡോ. ഇ. ഖലീരാജ്, എൻസിഎസ്ആർസി സംസ്ഥാന കോർഡിനേറ്റർ ഡോ. പ്രിൻസ് ജോസഫ് എന്നിവർ വേദിയിൽ.

## മഹിളാപ്രധാൻ ഏജന്റുമാരെ സസ്പെന്റ് ചെയ്തു

തിരുവനന്തപുരം ജില്ലയിൽ മഹിളാപ്രധാൻ ഏജന്റായി ബാലരാമപുരം പോസ്റ്റോഫീസ് മുഖേന പ്രവർത്തിക്കുന്ന ഡി. അംബിക, പൂവാർ പോസ്റ്റോഫീസ് മുഖേന പ്രവർത്തിക്കുന്ന ജയകുമാരി ജെ എന്നിവരെ സസ്പെന്റ് ചെയ്തു. ഏജൻസി പ്രവർത്തനം തൃപ്തികരമല്ലാത്തതിനാലും ഏജൻസി ചട്ടപ്രകാരം നിക്ഷേപകരിൽ നിന്നും കൈപ്പറ്റിയ മാസത്തവണകൾ ഒടുക്കാത്തതിനാലും നിരവധി തവണ താക്കീത് നൽകിയിട്ടും വീഴ്ച ആവർത്തിക്കുന്നതിനാലുമാണ് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തത്. ഈ ഏജന്റുമാർ മുഖേന പോസ്റ്റോഫീസിൽ ആർ.ഡി നിക്ഷേപം നടത്തി വരുന്ന മുഴുവൻ നിക്ഷേപകരും അതാത് പോസ്റ്റോഫീസുമായി ബന്ധപ്പെട്ട് തങ്ങളുടെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം. പരാതിയുള്ളവർ പാറശ്ശാല ബ്ലോക്ക് ഓഫീസുമായി ബന്ധപ്പെടണം. ദേശീയ സമ്പാദ്യ പദ്ധതിയുമായി ബന്ധപ്പെട്ട് യാതൊരുവിധ പണമിടപാടും ഈ മഹിളാപ്രധാൻ ഏജന്റുമാരുമായി നടത്താൻ പാടില്ലായെന്ന് ദേശീയ സമ്പാദ്യ പദ്ധതി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

മഹിളാപ്രധാൻ ഏജന്റുമാരുമായി ബന്ധപ്പെട്ട എല്ലാവിധ പരാതികളും ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസറെ അറിയിക്കാവുന്നതാണ്. ഫോൺ നം. 0471-2478731

## കാപ്പി തിളപ്പിക്കുന്നതിനിടെ തുണിയിൽ നിന്നും തീ പടർന്ന് അപകടം; വീട്ടമ്മ മരിച്ചു

കോട്ടയം: കാപ്പി തിളപ്പിക്കുന്നതിനിടെ അടുക്കളയിൽ ഉപയോഗിക്കുന്ന തുണിയിൽ നിന്നും തീ പടർന്ന് വീട്ടമ്മ മരിച്ചു. കാരാപ്പുഴ സ്വദേശിനി വെള്ളനാട്ട് അംബിക കുമാരി (69) ആണ് മരിച്ചത്. ഇവർ കാപ്പി തിളപ്പിക്കുന്നതിനിടെ അടുപ്പിൽ ഉപയോഗിച്ചിരുന്ന തുണിയിൽ നിന്ന് തീ പടരുകയായിരുന്നു. തീ പടർന്നത് അറിയാതെ ഇവർ പുറം ചൊറിഞ്ഞതോടെ വസ്ത്രത്തിലേയ്ക്ക് തീ പടർന്നു പിടിച്ചു. ഗുരുതരമായി പൊള്ളലേറ്റ ഇവരെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മറിയപ്പള്ളി മുട്ടത്തെ അനിയത്തിയുടെ മകന്റെ വീട്ടിലാണ് അംബിക താമസിച്ചിരുന്നത്. സംസ്കാരം ഇന്ന് വൈകിട്ട് നാലിന് വീട്ടുവളപ്പിൽ നടക്കും.

## ജമാഅത്തെ ഇസ്ലാമിയുമായുള്ള കൂട്ടുകെട്ട്; പ്രിയങ്കാ ഗാന്ധി നിലപാട് വ്യക്തമാക്കണമെന്ന് എം. വി. ഗോവിന്ദൻ

തിരുവനന്തപുരം: ജമാഅത്തെ ഇസ്ലാമിയുമായുള്ള കോൺഗ്രസ് കൂട്ടുകെട്ടിൽ പിയങ്കാ ഗാന്ധി നിലപാട് വ്യക്തമാക്കണമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ. നിലമ്പൂരിൽ പ്രചാരണത്തിനെത്തുമ്പോൾ പ്രിയങ്ക ഇക്കാര്യത്തിൽ മറുപടി പറയണമെന്ന് ഗോവിന്ദൻ ആവശ്യപ്പെട്ടു. അഖിലേന്ത്യാ കോൺഗ്രസ് നേതൃത്വം വർഗീതയെ ശക്തമായി എതിർക്കുമ്പോഴാണ് കേരളത്തിലെ കോൺഗ്രസ് ജമാഅത്തെ ഇസ്ലാമിയുടെ പിന്തുണ സ്വീകരിച്ചത്. ഈ സാഹചര്യത്തിൽ അഖിലേന്ത്യാ നേതാവ് കൂടിയായ പ്രിയങ്ക നിലപാട് പറയണമെന്ന് ഗോവിന്ദൻ പ്രതികരിച്ചു.

# പാലിയേറ്റീവ് കെയർ രോഗിയ്ക്ക് കാലാവധി കഴിഞ്ഞ മരുന്ന് നൽകി

### വ്യാജ ഡോക്ടർക്കെതിരെ ശക്തമായ നടപടിയുമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ്

കാലാവധി കഴിഞ്ഞ മരുന്നുകൾ നൽകിയ കോഴിക്കോട്ടെ വ്യാജ ഡോക്ടർക്കെതിരെ നടപടി സ്വീകരിച്ച് ഡ്രഗ്സ് കൺട്രോൾ വകുപ്പ്. പാലിയേറ്റീവ് കെയറിൽ കഴിയുന്ന കിടപ്പ് രോഗിയുടെ പരാതിയെ തുടർന്നാണ് കോഴിക്കോട് കോർപറേഷനിലെ മാറാട് പ്രവർത്തിക്കുന്ന മാറാട് മെഡിക്കൽ സെന്ററിൽ ഡ്രഗ്സ് കൺട്രോൾ വിഭാഗം റെയ്ഡ് നടത്തിയത്. സ്ഥാപനത്തിന്റെ ഉടമയായ ഇ.കെ. കണ്ണനെതിരെ നിയമ നടപടി സ്വീകരിച്ചു.

കാലാവധി കഴിഞ്ഞ മരുന്നുകൾ വിൽക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു. കാലാവധി കഴിഞ്ഞ മരുന്നുകൾ ഉപയോഗിച്ചാൽ ഗുരുതര ആരോഗ്യ പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുള്ളതിനാൽ മരുന്ന് വാങ്ങുന്നവർ കൂടി ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഏതെങ്കിലും ഫാർമസികളോ ക്ലിനിക്കുകളോ കാലാവധി കഴിഞ്ഞ മരുന്നുകൾ നൽകുന്നെന്ന് ബോധ്യപ്പെട്ടാൽ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ അറിയിക്കണം. (ടോൾ ഫ്രീ നമ്പർ 1800 425 3182). കർശന നടപടി സ്വീകരിക്കും. പരിശോധനകൾ ശക്തമാക്കാനും മന്ത്രി നിർദേശം നൽകി.

മാറാട് ക്ലിനിക്കിൽ നടത്തിയ പരിശോധനയിൽ യാതൊരുവിധ രേഖകളും ഇല്ലാതെ വിൽപനയ്ക്കായി സൂക്ഷിച്ച ധാരാളം മോഡേൺ മെഡിസിൻ മരുന്നുകളാണ് കണ്ടെത്തിയത്. സ്ഥാപനത്തിൽ കണ്ടെത്തിയ മരുന്നുകളിൽ ഭൂരിഭാഗവും കാലാവധി കഴിഞ്ഞ മരുന്നുകളാണ്. ഇത്തരം മരുന്നുകൾ ഉപയോഗിച്ചാണ് സ്ഥാപനത്തിന്റെ ഉടമ കൂടിയായ ഇ.കെ. കണ്ണൻ രോഗികളെ ചികിത്സിച്ചിരുന്നത് എന്ന് കണ്ടെത്തി. മോഡേൺ മെഡിസിൻ മരുന്നുകൾ ഉപയോഗിച്ച് ചികിത്സ നടത്തുന്നതിനാവശ്യമായ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷനർ യോഗ്യതയോ മരുന്നുകൾ വിൽപന നടത്തുന്നതിനാവശ്യമായ ഡ്രഗ് ലൈസൻസുകളോ ഇദ്ദേഹത്തിനില്ല എന്നും കണ്ടെത്തി. ഇതിന്റെയടിസ്ഥാനത്തിൽ സ്ഥാപനത്തിലുണ്ടായിരുന്ന മുഴുവൻ മരുന്നുകളും കസ്റ്റഡിയിലെടുത്തു. ആ മരുന്നുകളും രേഖകളും കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി. ഇത് കൂടാതെ പോലീസും കേസ് എടുത്തിട്ടുണ്ട്.സ്ഥാപനത്തിൽ കണ്ടെത്തിയ മരുന്നുകളുടേയും രേഖകളുടേയും അടിസ്ഥാനത്തിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ ഈ സ്ഥാപനത്തിലേക്ക് എത്തിയതിനെ കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് ഡ്രഗ്സ് കൺട്രോളർ കെ. സുജിത് കുമാർ നിർദേശം നൽകി. കോഴിക്കോട് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ഇൻ ചാർജ് സുധീഷ് കെ.വി.യുടെ ഏകോപനത്തിൽ കോഴിക്കോട് ഡ്രഗ്സ് ഇൻസ്പെക്ടർ ശാന്തി കൃഷ്ണയുടെ മേൽനോട്ടത്തിൽ നടത്തിയ പരിശോധനയിൽ ഡ്രഗ്സ് ഇൻസ്പെക്ടർ നൗഫൽ സിവി, നീതു കെ. എന്നിവർ പങ്കെടുത്തു.

# ഭക്ഷ്യ കമ്മീഷൻ ഇടപെടൽ: ഉടുമ്പൻചോല ഗവ. ഹൈസ്കൂളിലെ യു.പി. വിഭാഗം കുട്ടികൾക്ക് ഇനി സൗജന്യ ഉച്ചഭക്ഷണം

ഇടുക്കി ഉടുമ്പൻചോല ഗവൺമെന്റ് ഹൈസ്കൂളിലെ യുപി വിഭാഗം കുട്ടികൾക്കും ഉച്ചഭക്ഷണം നൽകാൻ സർക്കാർ ഉത്തരവ്. ഈ സ്കൂളിലെ യുപി വിഭാഗം കുട്ടികളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്താണ് സർക്കാർ കരുതലായി പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കിയത്. സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ഇടപെടലാണ് ഉത്തരവിന് വഴിതെളിച്ചത്. പി എം പോഷൺ പദ്ധതിയുടെ മാർഗരേഖ പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള സ്കൂളുകളിലെ കുട്ടികളെയാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. എന്നാൽ ഈ സ്കൂളിലെ എൽ.പി, ഹൈസ്കൂൾ വിഭാഗങ്ങൾക്ക് സർക്കാർ അംഗീകാരമുണ്ടെന്ന വസ്തുതയും ഉടുമ്പൻചോല മേഖലയിലെ സാധാരണക്കാരായ തമിഴ് തോട്ടം തൊഴിലാളികളുടെ മക്കളാണ് തമിഴ് യു.പി മീഡിയത്തിൽ അധ്യയനം നടത്തുന്നതെന്ന സാഹചര്യവും കണക്കിലെടുത്ത് സ്പെഷ്യൽ കേസായി പരിഗണിച്ചാണ് അനുമതി.
ഉടുമ്പൻചോല ഗവൺമെന്റ് ഹൈസ്കൂളിനെ 2011-12 ൽ തമിഴ് ഹൈസ്കൂളായി ഉയർത്തിയെങ്കിലും യു.പി.വിഭാഗത്തിന് അനുമതി ഇല്ലായിരുന്നു. യു.പി ക്ലാസ്സുകളിൽ പഠിക്കുവാൻ കുട്ടികൾക്ക് അവസരം ഇല്ലാതെവന്നപ്പോൾ കുട്ടികളുടെ പഠനാവസരം നഷ്ടപ്പെടാതിരിക്കാൻ വർഷങ്ങളായി സ്കൂൾ പി.ടി.എ.യുടെ നേതൃത്വത്തിൽ തമിഴ് മീഡിയം യു.പി വിഭാഗം ക്ലാസ്സുകൾ അംഗീകാരമില്ലാതെ പ്രവർത്തിച്ചുവരികയായിരുന്നു. അംഗീകാരമില്ലാത്തതിനാൽ യു.പി. വിഭാഗം കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളോ, സൗജന്യ ഉച്ചഭക്ഷണമോ ലഭ്യമല്ലായിരുന്നു. 2024-25 അധ്യയന വർഷത്തിൽ 47 കുട്ടികൾ യു.പി. വിഭാഗത്തിൽ പഠിക്കുന്നതായും മേഖലയിലെ സാധാരണ ജനങ്ങളുടെ ജീവിതസാഹചര്യം കണക്കിലെടുത്ത് ഉടുമ്പൻചോല ഗവൺമെന്റ് ഹൈസ്കൂളിൽ സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന യു.പി. വിഭാഗം കുട്ടികളെ കൂടി പി.എം. പോഷൺ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർമാൻ ഡോ. ജിനു സക്കറിയ ഉമ്മൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

### ബി എഫ് എ പ്രവേശനം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ മൂന്നു സർക്കാർ ഫൈൻ ആർട്സ് കോളേജുകളിലെ (തിരുവനന്തപുരം, മാവേലിക്കര, തൃശൂർ) 2025-26 അധ്യയന വർഷത്തെ ബി.എഫ്.എ (ബാച്ചിലർ ഓഫ് ഫൈൻ ആർട്സ്) ഡിഗ്രി കോഴ്സ് പ്രവേശനത്തിനുള്ള അപേക്ഷകൾ ജൂൺ 16 മുതൽ 25 വരെ www.dtekerala.gov.in വെബ്സൈറ്റിലൂടെ സമർപ്പിക്കാം. പ്ലസ് ടു/തത്തുല്യ യോഗ്യത നേടിയവർക്ക് അപേക്ഷിക്കാം. വിശദാംശങ്ങളും പ്രോസ്പെക്ടസും വെബ്സൈറ്റിൽ ലഭിക്കും. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് പ്രവേശനം നടത്തുന്നത്. ഫോൺ: 0471-2561313,9400006510.

## രാഹുലിനെതിരെ വിമർശനം; ദിഗ്വിജയ് സിംഗിന്റെ സഹോദരനെ കോൺഗ്രസ് പുറത്താക്കി

ന്യൂഡൽഹി: പാർട്ടി വിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ മധ്യപ്രദേശ് മുൻ എംഎൽഎ ലക്ഷ്മൺ സിംഗിനെ പുറത്താക്കി കോൺഗ്രസ്. മുതിർന്ന നേതാവും മധ്യപ്രദേശ് മുൻ മുഖ്യമന്ത്രിയുമായ ദിഗ് വിജയ് സിംഗിന്റെ സഹോദരനാണ് ലക്ഷ്മൺ സിംഗ്.

ലക്ഷ്മൺ സിംഗിനെ കോൺഗ്രസിന്റെ പ്രാഥമിക അംഗത്വത്തിൽ നിന്ന് ആറ് വർഷത്തേക്ക് പുറത്താക്കിയതായി കോൺഗ്രസ് അച്ചടക്ക സമിതി മെമ്പർ സെക്രട്ടറി താരിഖ് അൻവർ പറഞ്ഞു.

ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കെതിരായ രൂക്ഷവിമർശനങ്ങളുടെ പേരിലാണ് നടപടി.

പഹൽഗാം ഭീകരാക്രമണവുമായി ബന്ധപ്പെട്ട പ്രതികരണത്തിൽ രാഹുൽ ഗാന്ധിയും സഹോദരീ ഭർത്താവ് റോബർട്ട് വദ്രയും പക്വതയില്ലാത്തവരാണെന്ന് ലക്ഷ്മൺ സിംഗ് നേരത്തെ പ്രസ്താവന നടത്തിയിരുന്നു.

പക്വതയില്ലാത്ത പ്രസ്താവനകൾ പാർട്ടിക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നെന്ന് പറഞ്ഞ അദ്ദേഹം, ബുദ്ധിപൂർവം പ്രതികരണങ്ങൾ നടത്താൻ രാഹുലിനെ ഉപദേശിക്കുകയും ചെയ്തിരുന്നു. ഇതിന് പിന്നാലെ ലക്ഷ്മൺ സിംഗിന് കോൺഗ്രസ് സംസ്ഥാന ഘടകം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. തുടർന്നാണ് നടപടി.

## അതിഥി അധ്യാപക നിയമനം

തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ് സുവോളജി വിഭാഗത്തിൽ 2025-26 അധ്യയന വർഷത്തിൽ അതിഥി അധ്യാപകരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഉദ്യോഗാർഥികൾക്ക് നിലവിലെ യു.ജി.സി റെഗുലേഷൻ പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയ്ക്കുള്ള യോഗ്യത ഉണ്ടായിരിക്കണം. കോളേജ് വിദ്യാഭ്യാസ വകുപ്പ് കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ പേര് രജിസ്റ്റർ ചെയ്തവരുമായിരിക്കണം. ബയോഡാറ്റയും ആവശ്യമായ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം അപേക്ഷ ജൂൺ 18നു വൈകിട്ട് 4ന് മുമ്പ് തപാൽ വഴിയോ നേരിട്ടോ കോളേജിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0490-2346027.

# എ പി ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ എം.ടെക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ സ്കൂളുകളിലേക്കുള്ള 2025-26 അക്കാദമിക് വർഷത്തെ എം.ടെക് പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകൾ ഓൺലൈനായി ജൂൺ 16ന് മുമ്പ് സമർപ്പിക്കണം.ഇൻഫ്രാസ്ട്രക്ചർ എഞ്ചിനീയറിങ് ആൻഡ് മാനേജ്മെന്റ്, എമ്പെഡഡ് സിസ്റ്റം ടെക്നോളജീസ്, ഇലക്ട്രിക് വെഹിക്കിൾ ടെക്നോളജി, മെക്കാനിക്കൽ ആൻഡ് മേറ്റീരിയൽസ് ടെക്നോളജി എം.ടെക് പ്രോഗ്രാമുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. സാധുവായ ഏഅഠഋ യോഗ്യതയുള്ള വിദ്യാർത്ഥികൾക്കും, ഏഅഠഋ ഇല്ലാത്തവർക്ക് യൂണിവേഴ്സിറ്റി നടത്തുന്ന എൻട്രൻസ് ടെസ്റ്റ്/ ഇന്റർവ്യൂയിലൂടെയും പ്രവേശനം സാധ്യമാണ്. ഓരോ പ്രോഗ്രാമിനും 18 വീതം സീറ്റുകളാണ് ഉള്ളത്. അപേക്ഷാ ഫീസ് ജനറൽ വിഭാഗത്തിന് 800 രൂപയും എസ് സി / എസ് ടി വിഭാഗത്തിന് 400 രൂപയും ആണ്.

അപേക്ഷാർത്ഥികൾ എ പി ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ബാച്ചിലേഴ്സ് ബിരുദം നേടിയിരിക്കണം അല്ലെങ്കിൽ എഐസിടിഇ/ യുജിസി/ സർക്കാർ അംഗീകരിച്ച ഒരു യൂണിവേഴ്സിറ്റി/ ഡീംഡ് യൂണിവേഴ്സിറ്റി/ സ്ഥാപനം എന്നിവയിൽ നിന്ന് ഉചിതമായ ശാഖയിൽ തത്തുല്യ ബിരുദം നേടിയിരിക്കണം. യോഗ്യതാ പരീക്ഷയുടെ അവസാന സെമസ്റ്റർ/ വർഷ ഫലങ്ങൾ കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ഛഹയങ്ങലിട്ടലസലൃമഹമഴീശി വഴി അപേക്ഷാ ഫീസ് ഓൺലൈനായി ഒടുക്കി അപേക്ഷ സമർപ്പിക്കാം. പ്രവേശനവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി യൂണിവേഴ്സിറ്റിയുടെ/ എൽ.ബി.എസ് സെന്ററിന്റെ വെബ്സൈറ്റ് സന്ദർശിക്കുക. കോഴ്സ് സംബന്ധിച്ചു കൂടുതൽ വിവരങ്ങൾക്ക് 8848269747 എന്ന നമ്പറിലും അപേക്ഷ സമർപ്പിക്കൽ സംബന്ധിച്ചു സംശയങ്ങൾക്ക് 0471-2560327

# പിതൃതർപ്പണം; ഓർമ്മകളിൽ നിറഞ്ഞു നിൽക്കുന്ന എന്റെ പപ്പ

**അനു വില്യം'**

ജൂൺ മാസത്തിലെ പ്രഭാതങ്ങൾക്ക് ഞങ്ങളുടെ നാട്ടിൽ മഴയ്ക്കു പുറമേ ഒരു പുകച്ചിലും അന്തരീക്ഷത്തിനുണ്ട്. അറബിക്കടലിനോട് തൊട്ടു കിടക്കുന്നതുകൊണ്ടാകാം ഇങ്ങനെ.മൺസൂണിന്റെ ഈ അന്തരീക്ഷം മനസ്സിലൊരു ഭയപ്പെടുത്തുന്ന വിഷാദം തോന്നിപ്പിച്ചിരുന്നു.

കടൽ അപകടങ്ങളും വേർപാടുകളും ജൂൺ മാസത്തിന്റെ ആകുലതകൾ കൂട്ടിക്കൊണ്ടേയിരുന്നു. കാലം പതുക്കെ മുന്നോട്ടു പോയി... നഗരജീവിതത്തിന്റെ തിരക്കിലേക്ക് ജീവിതം വഴി മാറി, ജോലി തിരക്കിന്റെ പ്രയാണങ്ങൾ... എങ്കിലും ജൂൺ മാസത്തിന്റെ പ്രഭാതങ്ങൾ വിഷാദം

പകരുന്നവയായിരുന്നു. അന്നൊരു ജൂൺ ബ13 അതിനു തലേനാൾ തന്നെ പതിവിൽക്കവിഞ്ഞ വിഷമവും ഒരു പ്രയാസവും മനസ്സിനെ നീറ്റി കൊണ്ടിരുന്നു. അത് എന്റെ ജീവിതത്തിലെ വലിയ നഷ്ടത്തിന്റെ വിങ്ങലായിരുന്നുവെന്ന് പിന്നീട് എനിക്കു മനസ്സിലായി. ജൂൺ 13 ബന് രാവിലെ ദിവ്യബലി കഴിഞ്ഞ് ഞങ്ങളുടെ കുടുംബവീട്ടിൽ ഇരിക്കവേ കണിശതകളും ചിട്ടകളുമുള്ള പപ്പാ കൊച്ചുമകനെ പ്രഭാതപൂജയ്ക്ക് പോകാതിരുന്നതിനെക്കുറിച്ച് ശകാരിച്ചു. തുടർന്ന് അനുജനും മക്കളുമായി വർത്തമാനം പറഞ്ഞ് അങ്ങനെ സജീവമാകേണ്ട ഒരു ഞായറാഴ്ചയുടെ തുടക്കമായി.പക്ഷേ ! അധികം നീണ്ടില്ല. പൊടുന്നനെ കച്ചവട വീട്ടിന്റെ കുളിർമയെ കെടുത്തിക്കൊണ്ട് കടുത്ത ദുഃഖത്തിനും തീവ്രമായ വേദനയ്ക്കും വഴി മാറിയ നിമിഷങ്ങളായിരുന്നു പിന്നീട്.ഒരു നിമിഷം കസേരയിലിരുന്ന പപ്പാ വലത്തേക്ക് ചരിഞ്ഞു .അനുജനും മകനും പേരക്കുട്ടികളും എല്ലാം ഓടി വന്നു. പള്ളിയിൽ നിന്നും വന്ന മറിയാമ്മ വല്യമ്മാ വർഷങ്ങൾക്കിപ്പുറം കേട്ടറിവു മാത്രമുള്ള പപ്പായുടെ അന്നത്തെ അവസാ



നരംഗങ്ങൾ എന്നോട് ഇന്നലെ പങ്കുവച്ചപ്പോൾ കരച്ചിലടക്കാനാകാതെ ഞാൻ കേട്ടിരുന്നു. അവസാനം അവർ പറഞ്ഞു 'സുഖമരണമാണ് വില്യം സാറിനു കിട്ടിയത്.'

'ഒരു പൂവ് അടർത്തി **മാറ്റും പോലെയാണ്** പപ്പയുടെ ജീവൻ കവർന്നത്.'

കൊഴിഞ്ഞു പോക്ക് അനിവാര്യമാണെങ്കിലും ഇന്നും എനിക്ക് ഉൾക്കൊള്ളാനാകുന്നില്ല.ഒരു നിഴൽ പോലെ എനിക്കു കരുതലായി കാവലാളായി കൂടെ നടന്ന 2010 ലെ സെൻസസ് ഡ്യൂട്ടിക്ക് എന്റെയൊപ്പം സഞ്ചരിച്ച പപ്പയും മമ്മായും എനിക്കൊപ്പം മാറി മാറി കൂട്ടുവരുമായിരുന്നു..ഇതൊക്കെയായി രുന്നു എനിക്ക് എന്റെ പപ്പ....!

വില്യം സാർ എന്നു നാട്ടുകാർ വിളിക്കുന്ന വില്യം ചാർളി എന്ന എന്റെ പപ്പ കൃഷി ഓഫീസർ ആയിരുന്നു. അത് ഗ്രാമസേവകനായി തുടങ്ങി പടിപടിയായി ഗസറ്റഡ് പോസ്റ്റിൽ എത്തിയ കൃഷി ഓഫീസർ. കഠിനാധ്വാനവും തൊഴിലിലെ കൃത്യതയും സത്യസന്ധതയും പാർശ്വവത്ക്കരിക്കപ്പെട്ട മേഖലയിൽ നിന്നു ഒരു നിലയിലേക്ക് ഉയർന്നു വരാൻ സാധിച്ചു. കണ്ടറിവുകളല്ല പപ്പയെക്കുറിച്ച് മകളായ എന്റെ കേട്ടറിവുകളാണ് ഈ പറയുന്നത് ഒക്കെ.ഗ്രാമസേവകനായി തൊഴിൽ തുടങ്ങിയത് തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിലാണ്.കർഷകനെപ്പോലെ തൂമ്പയും എടുത്ത് പാടത്ത് പണിയെടുത്ത് മാതൃകയാക്കിയ 'വില്യം സാറിനെക്കുറിച്ചു കേരളകൗമുദിയിലെ മുതിർന്ന ഫോട്ടോഗ്രാഫറും തെക്കും ഭാഗം സ്വദേശിയുമായ എൻ. ശങ്കരൻകുട്ടി ചേട്ടൻ എന്നോട് പലവട്ടം പറഞ്ഞു.പിൽക്കാലത്ത് തെക്കുംഭാഗം പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശൗര്യാർ സാറിന്റെ മകളെ വിവാഹം കഴിച്ചതും യാദൃശ്ചികമല്ല.ദിവസവും ജോലി കഴിഞ്ഞ് കടത്തുവള്ളത്തിൽ തിരിച്ചു വരുന്നത് എന്റെ പപ്പായെക്കുറിച്ച് എന്റെ ഭർത്താവിന്റെ പപ്പാ പറഞ്ഞതിന്റെ ദൃശ്യം എന്റെ മനസ്സിൽ എപ്പോഴും കയറി വരാറുണ്ട്. വള്ളത്തിന്റെ പടിയിൽ കറുത്ത ബാഗും കുടയും പിടിച്ചിരിക്കുന്ന പപ്പയെക്കുറിച്ചാണ് പറഞ്ഞത്. വലിയ മീശയും തഴച്ച മുടിയും ഉള്ള യുവത്വത്തിന്റെ പ്രസരിപ്പുള്ള പപ്പായുടെ മുഖം അങ്ങനെ എന്റെ മനസ്സിൽ പതിഞ്ഞു. ഈ കടത്തു വഞ്ചിയിലേ യാത്രയ്ക്കിടയിലുള്ള മുഖപരിചയമാകാം

പിന്നീട് വിവാഹത്തിലെത്തിയതെന്നും ഇവിടുത്തെ പപ്പാ പറഞ്ഞപ്പോൾ ഞാൻ ചിരിച്ചു കൊണ്ട് കേട്ടു നിന്നതേയുള്ളൂ.മനസ്സിൽ പ്രണയമുള്ളവർക്കേ നന്നായി പാടാൻ കഴിയൂ.നാട്ടിലെ സമിതികളിലും സുഹൃദ് സംഗമങ്ങളിലും പപ്പയുടെ പഴയ പാട്ടുകൾ ഹിറ്റായിരുന്നു.എന്റെ മകളെ മടിയിലിരുത്തി ഇമ്പമോടെ പാട്ടുകൾ പാടി കൊടുക്കുന്നതും ഞാൻ കേട്ടിരുന്നിട്ടുണ്ട്. അവസാന കാലത്ത് സാമൂഹ്യ ആത്മീയ മേഖലയിൽ സജീവ സാന്നിധ്യമായിരുന്നു ഇടവകപള്ളിയുടെ ട്രസ്റ്റി സ്ഥാനം വഹിച്ചതും അത് സുതാര്യവും സത്യസന്ധതയുടെയും മാതൃകയായി എന്ന് മറ്റുള്ളവർ പറഞ്ഞു കേൾക്കുമ്പോൾ എനിക്ക് എന്റെ പിതാവിനെക്കുറിച്ച് അഭിമാനം തോന്നുന്നു.മരിച്ചു പോയെങ്കിലും നല്ല ഓർമ്മകളുടെ മുഹൂർത്തങ്ങൾ സ്വപ്നത്തിൽ പോലും വരുന്നില്ലല്ലോയെന്ന് ഓരോ ജൂൺ മാസത്തിലെ പ്രഭാതത്തിലും ഞാൻ തിരയാറുണ്ട്. പക്ഷേ അതുണ്ടായില്ല.... പുറത്ത് ജൂണിലെ മഴ പൊഴിച്ചു കൊണ്ടേയിരിക്കുന്നു...

## പ്രധാനമന്ത്രി ആവാസ് യോജന: സ്പോട്ട് സാങ്ഷൻ ക്യാമ്പ്

തിരുവനന്തപുരം: കേരളത്തിലെ പിന്നോക്ക വിഭാഗങ്ങൾക്ക് വീടുകൾ ലഭ്യമാക്കുന്നതിനായി ആധാർ ഹൗസിംഗ് ഫിനാൻസ് പ്രധാനമന്ത്രി ആവാസ് യോജന അർബൻ 2.0 ബോധവൽക്കരണ ക്യാമ്പിന്റെ രണ്ടാം ഘട്ടം ആരംഭിച്ചു. തിരുവനന്തപുരത്ത് വീട് വാങ്ങുന്നവർക്ക് പ്രധാനമന്ത്രി ആവാസ് യോജന അർബൻ 2.0 ലളിതവും സുതാര്യവുമാക്കി മാറ്റുന്നതിനായി കമ്പനി ജൂൺ 12 മുതൽ 15 വരെ ഉത്സവും സ്പോട്ട് സാങ്ഷൻ ക്യാമ്പുകളും നടത്തും. ക്യാമ്പിൽ 1.80 ലക്ഷം രൂപ വരെയുള്ള സബ്സിഡികൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കും. കമ്പനി അനുവദിക്കുന്ന 10 –13 ലക്ഷം രൂപ വരെയുള്ള വായ്പാ തുക പ്രധാനമന്ത്രി ആവാസ് യോജന സബ്സിഡിയുടെ യോഗ്യതാ പരിധിയിൽ ഉൾപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് വഴേ്വ://മമറവമൃവീൗശിഴ.രീാ/ സന്ദർശിക്കുക.

## ബിബിഎ, ബിസിഎ കോഴ്സ്: അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്തെ ബി.ബി.എ, ബി.സി.എ ഡിഗ്രി കോഴ്സുകളുടെ പ്രവേശനത്തിന് ഏകജാലക സംവിധാനം നിലവിൽ വന്നതിന്റെ ഭാഗമായി എൽ.ബി.എസ് സെന്റർ മുഖേന അപേക്ഷ ക്ഷണിച്ചു. ബി.ബി.എ പ്രവേശനത്തിന് അപേക്ഷകർ പ്ലസ്ടു, തത്തുല്യ പരീക്ഷയിൽ 45 ശതമാനം മാർക്കോടെ പാസായിരിക്കണ്ണം. ബി.സി.എ പ്രവേശനത്തിന് പ്ലസ്ടു/ തത്തുല്യം അല്ലെങ്കിൽ ഡിപ്ലോമ ഇൻ എൻജിനിയറിങ്/ കൊമേർഷ്യൽ പ്രാക്ടീസ്/ തത്തുല്യം പരീക്ഷയിൽ 45 ശതമാനം മാർക്കോടെ പാസ്സായിരിക്കണ്ണം. എസ്.സി/ എസ്.ടി വിഭാഗക്കാർക്ക് 5 ശതമാനം മാർക്ക് ഇളവുണ്ട്. എൽ.ബി.എസ് സെന്റർ നടത്തുന്ന പ്രവേശന പരീക്ഷ വിജയിക്കുന്നവർക്ക് മാത്രമേ മെറിറ്റ് സീറ്റിലേക്ക് പ്രവേശനം ലഭിക്കുകയുള്ളൂ.

തിരഞ്ഞെടുക്കപ്പെട്ട പരീക്ഷ കേന്ദ്രങ്ങളിൽ പ്രവേശന പരീക്ഷ നടത്തും. പരീക്ഷ തീയതി പിന്നീട് അറിയിക്കും. പ്രവേശന പരീക്ഷയ്ക്ക് ലഭിക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുന്നത്. www.lbscentre.kerala.gov.in വഴി ഓൺലൈനായി ജൂൺ 12 മുതൽ 25 വരെ അപേക്ഷാ ഫീസ് ഒടുക്കി അപേക്ഷ സമർപ്പിക്കാം.

പൊതുവിഭാഗത്തിന് 1,300 രൂപയും പട്ടികജാതി/ പട്ടികവർഗ വിഭാഗത്തിന് 650 രൂപയുമാണ് അപേക്ഷാ ഫീസ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2324396, 2560361, 2560327.

## യുപിഐ ഇടപാടുകൾക്ക് ഫീസ് ചുമത്തില്ലെന്ന് ധനമന്ത്രാലയം; വാർത്തകൾ അടിസ്ഥാനരഹിതമെന്ന്

ന്യൂഡൽഹി: യുപിഐ ഇടപാടുകൾക്ക് മെർച്ചൻറ് ഡിസ്കൗണ്ട് റേറ്റ് (എംഡിആർ) പുനഃസ്ഥാപിക്കാൻ കേന്ദ്രസർക്കാർ ഒരുങ്ങുന്നുവെന്ന വാർത്ത അടിസ്ഥാനരഹിതമാണെന്ന് കേന്ദ്ര ധനമന്ത്രാലയം.

ഇത്തരം അടിസ്ഥാനരഹിതമായ പ്രചാരണങ്ങൾ ജനങ്ങളിൽ ആശയക്കുഴപ്പവും അനാവശ്യ ഭീതിയും സൃഷ്ടിക്കും. യുപിഐ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുകയെന്നതാണ് സർക്കാർ നയമെന്ന് മന്ത്രാലയം വാർത്താക്കുറിപ്പിൽ അറിയിച്ചു. നേരത്തെ 3,000 രൂപക്ക് മുകളിലുള്ള ഇടപാടുകൾക്ക് മെർച്ചൻറ് ഡിസ്കൗണ്ട് റേറ്റ് പുനഃസ്ഥാപിക്കാൻ ഒരുങ്ങുന്നതായി റിപ്പോർട്ടുണ്ടായിരുന്നു.

ക്രെഡിറ്റ്/ഡെബിറ്റ് കാർഡ്-യുപിഐ വഴി പണം സ്വീകരിക്കുന്നതിന് വ്യാപാരികൾ ബാങ്കുകൾക്കും യുപിഐ സേവനദാതാക്കൾക്കും നെറ്റ്‍വർക്ക് ദാതാക്കൾക്കും നൽകേണ്ട തുകയാണ് എംഡിആർ.

2020 മുതൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിലെ യുപിഐ ഇടപാടുകൾക്ക് എംഡിആർ ഈടാക്കുന്നില്ല. ഇതിന് പുറമെ 2,000 രൂപക്ക് താഴെയുള്ള ഇടപാടുകൾക്ക് 0. 15 ശതമാനം ഇൻസെൻറീവും കേന്ദ്രസർക്കാർ നൽകുന്നുണ്ട്. 2024-25 ബജറ്റിൽ 1,500 കോടി രൂപയാണ് കേന്ദ്ര സർക്കാർ ഇതിനായി മാറ്റി വെച്ചത്.

ഇടപാടുകൾ കുത്തനെ ഉയർന്നതിന് പിന്നാലെ, യുപിഐ സംവിധാനം സജ്ജമാക്കുന്നതിനായി വൻ തുക ചെലവഴിക്കേണ്ടി വരുന്നതായി സേവനദാതാക്കൾ സർക്കാറിനെ അറിയിച്ചിരുന്നു. 20 ലക്ഷത്തിന് മുകളിൽ വാർഷിക വരുമാനമുള്ള വ്യാപാരികളിൽനിന്ന് 0. 3 ശതമാനം എംഡിആർ ഈടാക്കണമെന്നാണ് ഇവരുടെ ആവശ്യം.

എന്നാൽ, സ്വീകരിക്കുന്ന തുകയുടെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയാൽ മതിയെന്നാണ് സർക്കാർ നിലപാട്. രാജ്യത്തെ ഡിജിറ്റൽ പണമിടപാടുകളിൽ 80 ശതമാനവും യുപിഐ മുഖേനയാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

## സോഷ്യൽ മീഡിയ താരം ഖാബി ലെയിമിനെ നാടുകടത്തി അമേരിക്ക

ലാസ് വേഗസ്: ലോകത്ത് ഏറ്റവും കൂടുതൽ ആരാധകരുള്ള ടിക് ടോക് താരം ഖാബി ലെയ്മിനെ യുഎസ് കുടിയേറ്റവകുപ്പ് അറസ്റ്റുചെയ്ത് വിട്ടയച്ചു. വിസാ കാലാവധി കഴിഞ്ഞിട്ടും യുഎസിൽ തുടർന്നതിനാലാണ് നടപടിയെന്നും അറിയിച്ചു. സെനഗലിൽ ജനിച്ച ഖാബി, ഇറ്റാലിയൻ പൗരനാണ്. ഏപ്രിൽ 30-നാണ് ഖാബി യുഎസിലെത്തിയത്. വെള്ളിയാഴ്ച ലാസ് വേഗസിലെ ഹാരി റെയ്ഡ് വിമാനത്താവളത്തിലാണ് ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെൻറ് (ഐസിഇ) അദ്ദേഹത്തെ കസ്റ്റഡിയിലെടുത്തത്.

പിന്നാലെ, സ്വയം രാജ്യംവിടാൻ അനുവദിച്ചെന്ന് ഐസിഇ അറിയിച്ചു. സംഭവത്തിൽ ഖാബി പ്രതികരിച്ചിട്ടില്ല. 16.3 കോടി ഫോളോവേഴ്സാണ് 25കാരനായ ഖാബിക്ക് ടിക്ടോക്കിൽമാത്രമുള്ളത്. ജനുവരിയിൽ യൂണിസെഫ് ഇദ്ദേഹത്തെ ഗുഡ്‌വിൽ അംബാസഡറാക്കിയിരുന്നു. കഴിഞ്ഞ മാസം ന്യൂയോർക്കിൽ നടന്ന മെറ്റ് ഗാല ഫാഷൻഷോയിലും പങ്കെടുത്തു.

## ഉപന്യാസരചന/ പ്രസംഗമത്സരം 19ന്

വായനദിനാചരണത്തോടനുബന്ധിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കോളജ്-സർവകലാശാല ബിരുദ, ബിരുദാനന്തരബിരുദ, ഗവേഷക വിദ്യാർഥികൾക്കായി 19ന് ഇൻസ്റ്റിറ്റ്യൂട്ടിൽ ഉപന്യാസരചനയും പ്രസംഗമത്സരവും സംഘടിപ്പിക്കുന്നു.

മത്സരത്തിൽ ഒരു കോളജിനെ പ്രതിനിധീകരിച്ച് രണ്ടു പേർക്ക് പങ്കെടുക്കാം. അയ്യായിരം രൂപയും പ്രശസ്തിപത്രവുമാണ് ഒന്നാം സമ്മാനം. 3,000, 2,000 എന്നിങ്ങനെയാണ് രണ്ടും മൂന്നും സ്ഥാനക്കാർക്കുള്ള സമ്മാനത്തുക. മികച്ച പ്രകടനം കാഴ്ചവെക്കുന്നവർക്ക് പ്രോത്സാഹനസമ്മാനവുമുണ്ട്. പങ്കെടുക്കുന്ന വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റ് നൽകും. www.keralabhashainstitute.org യിൽ ലഭിക്കുന്ന ഗൂഗിൾ ഫോം വഴിയോ 9447956162 എന്ന നമ്പറിലോ ബന്ധപ്പെട്ട് 16 വരെ രജിസ്റ്റർ ചെയ്യാം. പങ്കെടുക്കുന്നവർ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം.

## പോളിടെക്നിക് ലാറ്ററൽ എൻട്രി : സ്പോട്ട് അഡ്മിഷൻ

2025-26 അദ്ധ്യയന വർഷത്തിലെ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/ എയ്ഡഡ്/ സർക്കാർ കോസ്റ്റ് ഷേയറിംഗ് (IHRD/ CAPE/ LBS)/ സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ പോളിടെക്നിക് ഡിപ്ലോമ രണ്ടാം വർഷത്തിലേയ്ക്ക് നേരിട്ടുള്ള ലാറ്ററൽ എൻട്രി പ്രവേശനത്തിന്റെ സ്പോട്ട് അഡ്മിഷൻ ജൂൺ 20 മുതൽ 23 വരെ അതാതു സ്ഥാപനങ്ങളിൽ വച്ച് നടക്കും. അപേക്ഷകർ www.polyadmission.org/let എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂളിൽ (18/06/2025 മുതൽ) പ്രതിപാദിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് സ്ഥാപനത്തിൽ നേരിട്ട് ഹാജരാകണം. സ്പോട്ട് അഡ്മിഷനിൽ അപേക്ഷകന് പുതിയ ഓപ്ഷനുകൾ നൽകാം. നിലവിൽ അഡ്മിഷൻ ലഭിച്ചവരിൽ സ്ഥാപന മാറ്റമോ ബ്രാഞ്ച് മാറ്റമോ ആഗ്രഹിക്കുന്നവർക്കും, പുതിയതായി അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം.

ഒഴിവുകൾ നികത്തുന്നതിനായി നിലവിലെ റാങ്ക് ലിസ്റ്റിലെ അപേക്ഷകരുടെ അഭാവത്തിൽ നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്കും പുതുതായി അപേക്ഷിക്കാം. പുതുതായി അപേക്ഷ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ www.polyadmission.org/let അഡ്മിഷൻ പോർട്ടലിലെ ഹോം പേജിൽ ലഭ്യമായിട്ടുള്ള One Time Registration എന്ന ലിങ്ക് വഴി രജിസ്ട്രേഷൻ പൂർത്തിയാക്കി ഓൺലൈനായി ഫീസ് അടച്ചതിനു ശേഷം ലഭിക്കുന്ന രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ച് Candidate login link വഴി അപേക്ഷ സമർപ്പിക്കണം. സ്പോട്ട് അഡ്മിഷനു വേണ്ടി പുതുതായി പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് One Time Registration നും അപേക്ഷ സമർപ്പണത്തിന് ജൂൺ 19 വരെ അവസരം ഉണ്ടായിരിക്കും. One Time Registration ഫീസായി പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങൾ 200 രൂപയും മറ്റു വിഭാഗങ്ങൾ 400 രൂപയും ഓൺലൈനായി അടയ്ക്കണം. നിലവിലുള്ള റാങ്ക് ലിസ്റ്റിലേക്ക് പുതുതായി ലഭിക്കുന്ന അപേക്ഷകൾ കൂടി ഉൾപ്പെടുത്തി പ്രവേശന നടപടികൾ പൂർത്തീകരിക്കും. നിലവിൽ ലഭ്യമായ ഒഴിവുകൾ പോളിടെക്നിക് കോളേജ് അടിസ്ഥാനത്തിൽ www.polyadmission.org/ ഹലേ വെബ്സൈറ്റിലെ Vacancy Position എന്ന ലിങ്ക് വഴി മനസ്സിലാകും. നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ അത് പരിശോധിച്ച് ഒഴിവുകൾ ലഭ്യമായ പോളിടെക്നിക് കോളേജിൽ ഹാജരാകുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

## അപേക്ഷ ക്ഷണിച്ചു

ചാക്ക ഗവ. ഐ.ടി.ഐയിലെ 25 ട്രേഡുകളിലേക്കുള്ള പ്രവേശനത്തിന് https://itiadmissions.kerala.gov.in പോർട്ടലിലൂടെ ഓൺലൈനായി ജൂൺ 20 വരെ അപേക്ഷിക്കാം. അപേക്ഷ ഫീസ് 100 രൂപ. എസ്.എസ്.എൽ.സി പരീക്ഷയിൽ കണക്ക്, ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ സർക്കാർ സംവരണ ചട്ടങ്ങൾ പാലിച്ചാണ് പ്രവേശനം. സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം. ഫോൺ: 0471 2502612.

## അഭിമുഖം

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിൽ നടത്തി വരുന്ന വർക്കിങ് പ്രൊഫഷണൽ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിങ് ഈവനിങ് കോഴ്സുകളിലേക്ക് താൽക്കാലിക അധ്യാപക തസ്തികയിലേക്ക് ജൂൺ 17 ന് അഭിമുഖം നടക്കും.

ഇലക്ട്രിക്കൽ എൻജിനിയറിങ്ങിൽ ഫസ്റ്റ് ക്ലാസാണ് യോഗ്യത. താൽപര്യമുള്ളവർ രാവിലെ 10 ന് അഭിമുഖത്തിന് എത്തണം.

## ക്വിസ് മത്സരം

ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷത്തിന്റെ ഭാഗമായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കേരളത്തിൽ അംഗീകൃത സർവകലാശാലകളുടെ കീഴിലുള്ള കോളേജുകളിൽ പഠിക്കുന്ന സ്റ്റാറ്റിസ്റ്റിക്സ് ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്കായി Quiz Tics 2025 എന്ന പേരിൽ സംസ്ഥാനതല ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നതിനും കൂടുതൽ വിവരങ്ങൾക്കും: 8943193937 / 7306561963, 9895090532.

## സ്കൂൾ കുട്ടികളുടെ രചനകൾ അടങ്ങിയ പുസ്തകങ്ങൾ ഉൾപ്പെടുത്തി സംസ്ഥാനതല എക്സിബിഷൻ നടത്തും: മന്ത്രി

സ്കൂൾ കുട്ടികളുടെ രചനകൾ അടങ്ങിയ പുസ്തകങ്ങൾ ഉൾപ്പെടുത്തി സംസ്ഥാനതല എക്സിബിഷൻ നടത്തുമെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായുള്ള പുസ്തക പ്രകാശനം പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

പുസ്തക വായനയ്ക്ക് ഗ്രേസ് മാർക്ക് നൽകുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ലഹരിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ വിദ്യാർഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പോലീസ് തുടങ്ങി സമൂഹത്തിലെ വിവിധ ഘടകങ്ങളേയും വകുപ്പുകളെയും കൂട്ടിച്ചേർത്ത് ഒരു സമഗ്ര പരിപാടി തയ്യാറാക്കിയിട്ടുണ്ട്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ പുസ്തകങ്ങൾ കുട്ടികൾക്കും പൊതുജനങ്ങൾക്കും ഉപയോഗപ്രദമായ ബോധവൽക്കരണ പുസ്തകങ്ങളാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് പാഠ്യപദ്ധതി പരിഷ്കരിച്ചപ്പോൾ ലഹരിക്കെതിരായ ബോധവൽക്കരണ പാഠങ്ങൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അധ്യയന വർഷത്തിന്റെ പ്രാരംഭത്തിൽ തന്നെ പൗരബോധം ഉളവാക്കുന്ന വിഷയങ്ങളെ മുൻനിർത്തി ദിവസവും ഓരോ മണിക്കൂർ എന്ന നിലയിൽ കുട്ടികൾക്ക് പ്രവർത്തനാധിഷ്ഠിത ക്ലാസുകൾ നൽകിവരുന്നുണ്ട്. അവധിക്കാല അധ്യാപക പരിശീലനം, മോഡ്യൂളുകൾ, ടഹരജ എന്നിവ പരിഗണിച്ച് പ്രാഥമിക കൗൺസിലർമാരായി അധ്യാപകർക്ക് പരിശീലനം നൽകി. രക്ഷിതാക്കൾക്കും പ്രത്യേക കൈപുസ്തകങ്ങളും പരിശീലനവും നൽകി ബന്ധം ശക്തമാക്കിയിട്ടുണ്ട്. പ്രഹരി ക്ലബ്, ജാഗ്രത ബ്രിഗേഡ് എന്നിങ്ങനെ കുട്ടികൾക്കും രക്ഷിതാക്കൾക്കുമുള്ള സംരംഭങ്ങൾ നടപ്പിൽ വരുത്തി. ഈ അക്കാദമിക വർഷം സ്കൂൾ അംബാസഡർമാരും പിയർഗ്രൂപ്പ് ലീഡർമാരും സജീവമായി പ്രവർത്തനം നടത്തും. സൂംബ പോലുള്ള ആരോഗ്യ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആന്റി നാർക്കോട്ടിക് ക്ലബ്, എൻ എസ് എസ്, എൻ സി സി തുടങ്ങിയവയിലൂടെയും ജാഗ്രതയും ക്രിയാത്മകതയുമുള്ള സംരംഭങ്ങൾ സംഘടിപ്പിച്ചു. എക്സൈസ്, പോലീസ് തുടങ്ങിയ എൻഫോഴ്സ്മെന്റ് ഏജൻസികളുടെ സഹായവും തേടുന്നുണ്ട്.

സർക്കാർ "ലഹരിമുക്ത കേരളം" എന്ന ലക്ഷ്യത്തിന്റെ ഭാഗമായി വിദ്യാർഥികളിൽ ലഹരിയുടെ ദോഷങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്ന മാർഗരേഖകളും പുസ്തകങ്ങളും തയ്യാറാക്കി. ഇതിനു പിന്തുണ നൽകുന്ന വിശദമായ അധ്യാപന, ബോധവൽക്കരണ, സാമൂഹ്യ പരിപാടികളും നിയമാനുസൃത സേവന സംവിധാനങ്ങളും സ്കൂൾ തലത്തിൽ നടപ്പാക്കുന്നുണ്ട്. കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നതായും നല്ലൊരു നാളെക്കായി നമുക്കേവർക്കും ഒരുമിച്ച് പ്രവർത്തിക്കാമെന്നും മന്ത്രി അറിയിച്ചു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്ന ഡോ. അരുൺ ബി. നായരുടെ 'മനസ്സും ആസക്തികളും' സി. രാമസ്വാമി ചെട്ടിയാരുടെ 'ലഹരിയിൽ നിന്നും കുട്ടികളെ മോചിപ്പിക്കാം' എന്നീ പുസ്തകങ്ങളാണ് പ്രകാശനം ചെയ്തത്. പൊതുവിദ്യാഭ്യാസ മന്ത്രിയിൽ നിന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഷാനവാസ് എസ് പുസ്തകങ്ങൾ ഏറ്റുവാങ്ങി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ അസിസ്റ്റന്റ് ഡയറക്ടർ സുജ ചന്ദ്ര പുസ്തകം പരിചയപ്പെടുത്തി. അസി. ഡയറക്ടർ എൻ. ജയകൃഷ്ണൻ, വൈസ് പ്രിൻസിപ്പൽ റെജി ലൂക്കോസ് എന്നിവർ സംബന്ധിച്ചു. പ്രിൻസിപ്പൽ ഫാ. നെൽസൺ പി സ്വാഗതവും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് ഓഫീസർ ദീപ്തി കെ.ആർ. നന്ദിയും അറിയിച്ചു.

## ഡെപ്യൂട്ടേഷൻ നിയമനം

തിരുവനന്തപുരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഇൻഫർമേഷൻ ഓഫീസർ (51,400 1,10,300), ഓഫീസ് അറ്റൻഡന്റ് (23,000 50,200) തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാന സർക്കാർ സർവീസിലോ സ്വയം ഭരണ സ്ഥാപനങ്ങളിലോ തത്തുല്യമായ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം. താൽപ്പര്യമുള്ള ജീവനക്കാർ കെ.എസ്.ആർ-144 അനുസരിച്ചുള്ള പ്രൊഫോർമയും ബയോഡേറ്റയും വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ ഓഫീസ് മേലധികാരികൾ മുഖേന ജൂൺ 28ന് മുമ്പ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോപ്ലക്സ് (ഏഴാം നില), തമ്പാനൂർ തിരുവനന്തപുരം-1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കണം.